**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1958** **29-09-2025 - ൽ മറുപടിയ്ക്ക്**

**കുരിക്കുളം ഇക്കോ ഹാച്ചറിയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കീരമ്പാറ പഞ്ചായത്തിലെ കുരിക്കുളം ഇക്കോ ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | ഭൂതത്താൻകെട്ട് കുരിക്കുളം ഇക്കോ ഹാച്ചറിയിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ 20m x 10m x 1.8m വിസ്തൃതി ഉള്ള 24 സിമന്റ് ടാങ്കുകൾ (6 എണ്ണം വീതമുള്ള 4 ബ്ലോക്കുകൾ), 160 മീറ്റർ റോഡ് (ഇന്റർ ലോക്ക്), മത്സ്യക്കുഞ്ഞുങ്ങളെ പാക്ക് ചെയ്യുന്ന 1000 sq.ft കെട്ടിടം, ഹാച്ചറിയിലെ ഇലക്ട്രിക്കൽ, ടാങ്കുകളിലെ എയറേഷൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഇക്കോ ഹാച്ചറിയുടെ പ്രവർത്തന രീതി വിശദീകരിക്കാമോ; | (ബി) | ഭൂതത്താൻകെട്ട് കുരിക്കുളം ഇക്കോ ഹാച്ചറിയിൽ കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദന പ്രവർത്തനങ്ങൾ ആണ് നടന്നു വരുന്നത്. നിലവിൽ ഹാച്ചറിയിൽ മത്സ്യങ്ങളുടെ പ്രത്യുല്പാദന (ബ്രീഡിങ്) പ്രവർത്തനങ്ങൾ ഇല്ലാത്തതിനാൽ, മറ്റു ഗവൺമെന്റ് ഹാച്ചറികളിൽ നിന്നും മുട്ട വിരിഞ്ഞു 3-5 ദിവസം പ്രായമായ മത്സ്യവിത്ത് (Spawn) എത്തിച്ച് മന്നുവറിങ് (വളപ്രയോഗം നടത്തിയ ചാണകം) ചെയ്ത് ഒരുക്കിയ കുളങ്ങളിൽ നിക്ഷേപിച്ച് 45-60 ദിവസത്തോളം പരിപാലിച്ച് 8-10 cm വലിപ്പത്തിലുള്ള മത്സ്യങ്ങളാക്കി (ഫിംഗർലിംങ്) എറണാകുളത്തിനും അതിനോട് ചേർന്നുള്ള വിവിധ ജില്ലകളിലേക്കും ഫിഷറീസ് വകുപ്പിന്റെ വിവിധ പദ്ധതികൾക്കും, സ്വകാര്യ വ്യക്തികൾക്കും നൽകുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. 2022-23 ൽ 12.06 ലക്ഷവും 2023-24 ൽ 19.13 ലക്ഷവും 2024-25 ൽ 50.95 ലക്ഷവും 2025-26 വർഷം നാളിതുവരെ 32 ലക്ഷവും മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ സാധിച്ചു. |
| (സി) | പ്രസ്തുത ഹാച്ചറി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പ്രസ്തുത ഹാച്ചറി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പൂർണ്ണമായി പ്രവർത്തന സജ്ജമാക്കാനാവശ്യമായ നടപടികൾ നടന്നു വരുന്നു. ഭൂതത്താൻകെട്ട് കുരിക്കുളം ഇക്കോ ഹാച്ചറി 2019 ജൂലൈയിൽ ഫിഷറീസ് വകുപ്പിന് കീഴിലുള്ള 'ഫിർമ'യിൽ നിന്ന് ഫിഷറീസ് വകുപ്പിന് കൈമാറുകയുണ്ടായി. അപ്പോൾ 8 നഴ്സറി കുളങ്ങളും ഒരു റെയറിങ് കുളവും ഒരു ബ്രൂഡ്സ്റ്റോക്ക് കുളവും മാത്രമാണ് ഉണ്ടായിരുന്നത്. നബാർഡ് RIDF ധനസഹായത്തോടെ 5 സെന്റ് വീതമുള്ള 24 കുളങ്ങൾ, ഒരു മൺ കുളം, പാക്കിംഗ് ഷെഡ് എന്നിവ നിർമ്മിക്കുകയും എയറേഷൻ, ലൈറ്റ് ജനറേറ്റർ സംവിധാനങ്ങൾ |

ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിനനുസൃതമായി ടാർജറ്റ് 10 ലക്ഷത്തിൽ നിന്ന് 60 ലക്ഷമായി ഉയർത്തി. ഇവയെല്ലാം പൊതുജനങ്ങൾക്കും മത്സ്യകർഷകർക്കും ഗുണകരവും പ്രയോജനപ്രദവുമാണ്. ഒരു വർഷത്തിനുള്ളിൽ ഹാച്ചറി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കഴിഞ്ഞ 3 വർഷത്തെ ഉത്പാദനവും ലക്ഷ്യവും ഇനം തിരിച്ച് ചുവടെ നൽകുന്നു.

| ക്രമ നം. | വർഷം | ഉൽപ്പാദന ലക്ഷ്യം (എണ്ണം ലക്ഷത്തിൽ) | ഉൽപ്പാദനം (എണ്ണം ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2022-23 | 10.00 | 12.06 |
| 2 | 2023-24 | 30.00 | 19.13 |
| 3 | 2024-25 | 50.00 | 50.95 |
| 4 | 2025-26 | 60.00 | 32.00 |

സെക്ഷൻ ഓഫീസർ